6. LEGISLATIVE BUSINESS

The Kerala Land Reforms (Amendment) Bill, 1968

Mr. Speaker : We will now take up the motion for consideration of the Kerala Land Reforms (Amendment) Bill 1968.

ശ്രീ. എൻ. കണപതി; സർ, ഒരു പായിൻട് ആപ് ആർഡർ. இந்த சபையில் எதாவது பேச நான் எழுந்திருக்கும்பொழுது திரு. ஸ்பீக்கர் அவர்கள் எனக்கு சமயம் தர மறுத்ததும் அல்லாமல் பராபட்சம் காட்டுவதும் என்னை அதிக வேதனைக் குள்ளாகியிருக்கிறது. இதை நான் சபையை தெரியப்படுத்துகிறேன்.

മി. സ്പീക്കർ : പോയിൻറ് ഓഫ് ഓർഡർ എന്നു പറഞ്ഞുകൊണ്ടാണ് മി. ഗണപതി എഴുന്നേറ്റത്. സ്പീക്കർ എഴുന്നേറ്റു നിൽക്കുമ്പോൾ സ്പീക്കറോട് ഒരു സബ്മിഷനാണെന്നു പറയുന്നതാണ് ശരി.

ശ്രീ. എൻ. കണപതി : സർ, ஸ்பீக்கர் அவர்கள் என்னைப் பொறுத்த அளவில் மோசமாக நடத்துகிறார்கள் என்பதை சொல்லாமலிருக்க முடியாது. இந்த நிலைமையை மாற்றுவதற்கு ஸ்பீக்கர் அவர்களை நான் கேட்டுக்கொள்கிறேன் சார்.

ശ്രീ. പി. ഗോവിന്ദപ്പിള്ള : സർ, ഒരു പോയിൻറ് ഓഫ് ഇൻഫർമേഷൻ. സ്പീക്കർ എഴുന്നേറ്റു നിൽക്കുമ്പോൾ ഈ സഭയിൽ ഉള്ളവർ ഇരിക്കണമെന്നു മാത്രമല്ല എഴുന്നേറ്റു പോകാനും പാടില്ല. എന്നാൽ ഇപ്പോൾ പലരും അങ്ങ് നിൽക്കുമ്പോൾ പോവുകയും പോയിൻറ് ഓഫ് ഓർഡർ റെയിസ് ചെയ്യുകയും ചെയ്യുന്നുണ്ട്. ഇതു ശരിയാണോ ?

മി. സ്പീക്കർ : സ്പീക്കർ എഴുന്നേറ്റു നിൽക്കുന്നതായ അവസരത്തിൽ ഇരിക്കുന്ന മെമ്പറന്മാർ ഇരിക്കുന്നിടത്തു തന്നെ ഇരിക്കണം. എഴുന്നേറ്റു പോകാൻ പാടില്ല. ഇതെല്ലാം പണ്ടേയുള്ള കൺവൻഷനാണ്. ഇതെല്ലാം നാം സ്വീകരിക്കേണ്ടതാണ്. റൂം 61 അനുസരിച്ചും, പ്രിവിലേജ് കമ്മറ്റിയൻ ആയിട്ടും ശ്രീ. ഗണപതിക്കുണ്ടായ അരക്ഷിതാവസ്ഥയെസംബന്ധിച്ചും, മറ്റു പല കാര്യങ്ങളെസംബന്ധിച്ചും അനേകം നോട്ടീസുകളും തന്നിട്ടുണ്ട്. ഇവിടെ പറയേണ്ട കാര്യങ്ങളാണെങ്കിൽ പറയാൻ അവസരം നൽകും. ഇതൊക്കെ ശ്രീ. ഗണപതിയോടും പല പ്രാവശ്യവും പറഞ്ഞിട്ടുള്ളതാണ്. ഇതെല്ലാം പറഞ്ഞുകഴിഞ്ഞിട്ടും പിന്നെയും ആവർത്തിക്കുന്നതു ശരിയല്ല. ഏതായാലും ഇങ്ങനെയുള്ള കാര്യങ്ങളെപ്പറ്റി ഞാൻ അങ്ങേയറ്റം പരിഗണിക്കുന്നുണ്ടെന്നും, പരിഗണിച്ചതിനുശേഷം എന്നെക്കൊണ്ട് ആകാവുന്നരീതിയിൽ ഓരോന്നിനും സൗകര്യം നൽകുന്നുണ്ടെന്നും ശ്രീ. ഗണപതി ദയവായി മനസിലാക്കണം. കൂടുതലായി ഇപ്പോഴൊന്നും പറയണമെന്നു വിചാരിക്കുന്നില്ല.

ശ്രീ. മുസ്സഫാ കെമാൽ : ഈ മാസം 5-ാം തീയതി ശ്രീമാൻ കെ. എം. ജോർജ്ജ് ഈ മന്ത്രിസഭയിൽ അവിശ്വാസം രേഖപ്പെടുത്തുന്നതു സംബന്ധിച്ച ഒരു നോട്ടീസ് കൊടുത്തിരുന്നു. അതിനെപ്പറ്റിയൊന്നും പറഞ്ഞുകേട്ടില്ല.

മി. സ്പീക്കർ : നോട്ടീസ് നൽകിയ ആൾ തന്നെ അതു പിൻവലിക്കുകയും ചെയ്തു.

ശ്രീ. കെ. കരുണാകരൻ : സർ, ഈ പ്രൊപ്രിഷ്ക്കരണ ഭേദഗതി ബിൽ വീണ്ടും സെലക്ട് കമ്മിറ്റിക്കു തിരിച്ചയക്കുന്നതിനുള്ള ഒരു ഭേദഗതിയുടെ കോപ്പി സർക്കുലേറ്റു ചെയ്തിട്ടുണ്ട്. അതു ശരിയാണോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരി : ബിൽ സെലക്ട് കമ്മിറ്റിക്കു റീകമ്മിറ്റു ചെയ്യണമെന്ന ഒരു ഭേദഗതി തന്നിരുന്നു. അങ്ങനെ ഭേദഗതി അയച്ചാൽ നിയമസഭയിൽ സംസാരിക്കുന്നതിനു് മുൻഗണന കിട്ടുമെന്നു കരുതിയാണു് എഴുതി അയച്ചതു് എന്നു് ആ മെമ്പർ തന്നെ എന്നോടു പറഞ്ഞിട്ടുണ്ടു്. പിന്നീടു് പിൻവലിക്കാമെന്നും വിചാരിച്ചു എഴുതിക്കൊടുത്തതായിട്ടാണു് ഞാൻ മനസ്സിലാക്കുന്നതു്.

ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി : സർ, ബഹുമാനപ്പെട്ട ശ്രീ. കെ.എം. ജോർജ്ജു് അവിശ്വാസ പ്രമേയം അവതരിപ്പിക്കുന്നതിനു് ഒരു നോട്ടീസു തന്നിരുന്നു. അതദ്ദേഹം പിൻവലിച്ചതായ വിവരം ഇതുവരെ പറഞ്ഞിട്ടില്ല. ഇന്നിപ്പോഴാ അങ്ങു് പറഞ്ഞപ്പോഴാ മാത്രമാണു് ഈ വിവരം അറിഞ്ഞതു്. അതുപോലെ ശ്രീ. ആർ. കൃഷ്ണൻ ഭ്രേരിഷ്ടരാന ഭേദഗതി ബിൽ സെലക്ട് കമ്മിറ്റിക്കു റീ കമ്മിറ്റു ചെയ്യണമെന്നുള്ള ഭേദഗതിയുടെ നോട്ടീസു് 19–ാം തീയതി വച്ചിരുന്നതായി ഞങ്ങൾക്കു് അറിയാൻ കഴിഞ്ഞു. അദ്ദേഹം അതു് പിൻവലിച്ചു എന്നു് എഴുതിത്തന്നിട്ടുണ്ടെങ്കിൽ അതു് ഞങ്ങളെയും അറിയിക്കേണ്ടതായിരുന്നു. അതുകൊണ്ടു് ഇനിയെങ്കിലും ഇങ്ങനെയുള്ള കാര്യങ്ങളും ഞങ്ങളെക്കൂടി അറിയിക്കുന്നതിനുവേണ്ട ഏർപ്പാടു ചെയ്യണമെന്നു് ഞാൻ അഭ്യർത്ഥിക്കുകയാണു്.

ശ്രീ. ആർ. കൃഷ്ണൻ (ആലത്തൂർ) : സർ, ഞാൻ ഭേദഗതിക്കു നോട്ടീസു കൊടുത്തതു ശരിയാണു്. അതു് പിൻവലിച്ചു എന്നു് ഞാൻ എഴുതിക്കൊടുത്തിട്ടുണ്ടു്, അതു് സഭയിൽ വന്നില്ലെന്നു മാത്രമേയുള്ളൂ. ഏതായാലും ഈ ബിൽ വളരെവേഗം പാസാക്കണമെന്നാണു് എന്റെ ആഗ്രഹം. സംസാരിക്കുന്നതിനു മുൻഗണന കിട്ടാൻ വേണ്ടിയാണു് ഞാൻ ഇങ്ങനെ കൊടുത്തതു്.

ശ്രീ. കെ. ടി. ജോർജ്ജു് : അങ്ങനെയാണെങ്കിൽ ബഹുമാനപ്പെട്ട ശ്രീ. ആർ. കൃഷ്ണനെത്തന്നെ ആദ്യമായി സംസാരിക്കാൻ വിളിക്കുന്നതല്ലേ നല്ലതു് ?

മി. സ്പീക്കർ : ശ്രീ. സി. എസ്. നീലകണ്ഠൻ നായർ.

ശ്രീ. സി. എസ്. നീലകണ്ഠൻ നായർ : സർ, സെലക്ട് കമ്മിറ്റി റിപ്പോർട്ടു ചെയ്ത, ബഹുമാനപ്പെട്ട റവന്യൂമന്ത്രി അവതരിപ്പിച്ച ഈ ബില്ലിനെ ഞാനും എന്റെ പാർട്ടിയും വളരെ ഹാർദ്ദമായി പിൻതാങ്ങുന്നു. 1947–നു ശേഷം നമ്മുടെ ഭാരതത്തിൽ ആദ്യമായി ഒരു സംസ്ഥാനത്തു് കാർഷിക പരിഷ്കരണ നിയമം ആവിഷ്കരിക്കുക എന്ന തത്വം നടപ്പിലാക്കാൻ പരിശ്രമിച്ചിട്ടുള്ളതു് അങ്ങുകൂടി ഡെപ്യൂട്ടി സ്പീക്കർ ആയിരുന്ന 1954–ലെ ശ്രീ. പട്ടം താണുപിള്ളയുടെ നേതൃത്വത്തിലുള്ള കേരളത്തിലെ സോഷ്യലിസ്റ്റു് മന്ത്രിസഭയായിരുന്നു എന്ന കാര്യം ഞാൻ പ്രത്യേകം ഓർമ്മിക്കുകയാണു്.

ശ്രീ. കെ. കരുണാകരൻ : 1953–ൽ ബോംബേയിൽ പാസാക്കിക്കഴിഞ്ഞതായി ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ ?

ശ്രീ. സി. എസ്. നീലകണ്ഠൻ നായർ : ഇല്ല. കുടിയാന്റെ അവകാശങ്ങളെ സംബന്ധിച്ചിടത്തോളം, അവനു് സ്ഥിരാവകാശം കൊടുക്കുന്നതിനെ സംബന്ധിച്ചിടത്തോളം ഫിക്സിറ്റി ഓഫ് ടെന്യൂർ എന്നു പറയുന്നതിനെ സംബന്ധിച്ചിടത്തോളം ഒരു നിയമം ഇൻഡ്യാ സംസ്ഥാനത്തു് ആദ്യമായി അവതരിപ്പിച്ചതു് തിരു–കൊച്ചി സംസ്ഥാനത്തു് അന്നു റവന്യൂമന്ത്രിയായിരുന്ന ശ്രീമാൻ പി. എസ്. നടരാജപിള്ളയാണു് എന്ന അവകാശവാദത്തിൽ ഞാൻ ഉറച്ചുനിൽക്കുകയാണു്. അങ്ങനെ കൊണ്ടുവന്ന ആ നിയമത്തിനു് വളരെയധികം പോരായ്മകളും അപാകതകളും ഉണ്ടായിരുന്നു. എന്നാൽ അന്നു സംഭവിച്ചതെന്താണു് ? ആ നിയമം നിയമസഭയിൽ പാസ്സാകുന്ന ഘട്ടം വന്നപ്പോഴാ ആ മന്ത്രിസഭയ്ക്കു് അന്നു പിൻതുണ നൽകിയിരുന്ന കോൺഗ്രസ് പാർട്ടി പിൻതുണ പിൻവലിച്ചുകൊണ്ടു് മന്ത്രിസഭയെ തള്ളിയിടുകയാണു ചെയ്തതു്. ആ നിയമം പാസ്സാക്കാതിരിക്കുന്നതിനുവേണ്ടിയാണു് അങ്ങനെ ചെയ്തതു്. തുടർന്നു് 1959–ൽ കമ്മ്യൂണിസ്റ്റു് മന്ത്രിസഭ ഈ നിയമം

LIBRARY ARCHIVES Kerala Legislative Assembly

വീണ്ടും കൊണ്ടുവന്നു. കാലഘട്ടത്തിനനുസരിച്ചു മാറ്റം വരുത്തുകയും രൂപംകൊടുക്കുകയും ചെയ്തുകൊണ്ടു്, പോരായ്മകളും അപാകതകളും കുറെയൊക്കെ മാറ്റിക്കൊണ്ടു് 1959-ൽ അന്നത്തെ റവന്യൂമന്ത്രിയായിരുന്ന ശ്രീമതി ഗൗരി അഗ്രേറിയൻ റിലേഷൻസ് ബില്ലു് എന്ന പേരിൽ അതു് അവതരിപ്പിച്ചു. സർ, അതു് നിയമമാക്കാൻ സാധിച്ചു. ആ നിയമം നടപ്പിലായ അവസരത്തിൽതന്നെ മന്ത്രിസഭ മാറുകയും 1964-ൽ വീണ്ടും ഒരു ഭൂപരിഷ്ക്കരണ നിയമം നടപ്പിലാക്കുകയും ചെയ്തു. ആ നിയമം പരിശോധിച്ചു നോക്കുകയാണെങ്കിൽ അതു് 1959-ൽ കൊണ്ടുവന്ന നിയമത്തിലുണ്ടായിരുന്ന ചില ആനുകൂല്യങ്ങളെ കാസ്റ്റുന്ന വിധത്തിലായിരുന്നു എന്നുള്ളതു് ഒരു വസ്തുതയാണു്. ആ കാലഘട്ടം കഴിഞ്ഞിട്ടാണു് ഇവിടത്തെ ജനങ്ങളും ഐക്യമുന്നണി ഗവണ്മെൻറിനെ അധികാരത്തിൽ കയറ്റിയതു്. ഐക്യമുന്നണി രൂപീകരിച്ച സമയത്തു് അതിൻറെ പ്രകടനപത്രികയിൽ വാഗ്ദാനം ചെയ്തിരുന്നതാണു് സമൂലമായ ഭൂപരിഷ്ക്കരണനിയമം കാലാനുസൃതമായ മാറ്റത്തോടുകൂടി ഈ സംസ്ഥാനത്തു് കൊണ്ടുവരുമെന്നു്. അങ്ങനെ കൊണ്ടുവരുന്നതിനു് റവന്യൂമന്ത്രിയും ഐക്യമുന്നണി ഗവണ്മെൻറും മുൻകൈ എടുത്തു പ്രവർത്തിച്ചിട്ടുണ്ടു്.

ഈ നിയമം അടിയന്തിരമായി പാസ്സാക്കിയെടുക്കണമെന്നുള്ള ആകാംക്ഷയോടുകൂടിയാണു് ഇവിടെ കൊണ്ടുവന്നിട്ടുള്ളതു്. കുറേ കാലതാമസം ഉണ്ടായിട്ടുണ്ടെന്നുള്ളതു് ശരിയാണു്. അങ്ങനെ കാലതാമസം വരാനുണ്ടായ സാഹചര്യത്തിൻറെ ന്യായീകരണവും ബഹുമാനപ്പെട്ട റവന്യൂമന്ത്രി നൽകിയിട്ടുണ്ടു്. കൃഷിക്കാരൻറെയും കുടികിടപ്പുകാരൻറെയും അതിലും താണ പാവപ്പെട്ടവൻറെയും ഉത്തമതാല്പര്യങ്ങളും മനസ്സിൽ വച്ചുകൊണ്ടാണു് പ്രവർത്തിച്ചിട്ടുള്ളതെന്നു് സെലക്ഷൻ കമ്മിറ്റി വരുത്തിയ മാറ്റങ്ങളിൽനിന്നും മനസ്സിലാക്കാൻ സാധിക്കുന്നതാണു്. കേരളത്തിലെ ടെനൻസികൾ വിവിധങ്ങളാണു്, വ്യത്യസ്തങ്ങളാണു്. അതിനെല്ലാം സമഗ്രമായ ഒരു നിയമനിർമ്മാണം ഉണ്ടാക്കുകയെന്നുള്ളതു് എളുപ്പമുള്ള കാര്യമല്ല. ഇന്നും ഈ ബിൽ പരിപൂർണ്ണമായ ഉദ്ദേശലക്ഷ്യത്തിൽ എത്തിയിട്ടുണ്ടെന്നു് അവകാശപ്പെടുന്നില്ല. പക്ഷേ ലക്ഷ്യത്തിലേയ്ക്കുള്ള പ്രയാണത്തെ ത്വരിതപ്പെടുത്താനുള്ള ഒരു ബില്ലായിട്ടാണു് ഇതിനെ കാണുന്നതു്. ഈ നിയമം നടപ്പിൽ വരുമ്പോഴും പല മാറ്റങ്ങളും വരുത്തേണ്ടതായി വരും. ഈ ഗവണ്മെൻറു് അധികാരത്തിൽ ഉണ്ടായിരിക്കുന്നിടത്തോളം കാലം, ഈ കക്ഷികളും ഈ രാജ്യം ഭരിക്കുന്നിടത്തോളം കാലം, അങ്ങനെ വേണ്ടി വരുന്ന മാറ്റങ്ങളും വരുത്താൻ തയ്യാറായിരിക്കുമെന്നു് റവന്യൂമന്ത്രി സൂചിപ്പിച്ചതിൽ അത്യധികം സന്തോഷമുണ്ടു്. ആ നിലയിലാണു് ഈ ബില്ലിനെ കാണേണ്ടതെന്നാണു് എൻറെ അഭിപ്രായം. ഈ ബില്ലിൽ അടിയന്തിരമായും നടപ്പിലാക്കേണ്ട പല കാര്യങ്ങളും ഉൾക്കൊള്ളിച്ചിട്ടുണ്ടു്. കുടികിടപ്പുകാരുടെ അവകാശങ്ങളും സംരക്ഷിക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ടു്. അതുപോലെ തന്നെ തെക്കൻ തിരുവിതാംകൂറിലെ നെയ്യാറ്റിൻകര, നെടുമങ്ങാട് താലൂക്കുകളിലെ മോർട്ട്ഗേജീസിനെ സംബന്ധിച്ചിടത്തോളവും ആശ്വാസകരമായ പ്രൊവിഷൻ ഉൾക്കൊള്ളിച്ചിട്ടുണ്ടു്. ആ ഭാഗത്തുള്ള ചെറുകിട കൃഷിക്കാർ, മറ്റു സാധാരണക്കാർ ഇവർ വസ്തുക്കൾ ഒറ്റിയായിട്ടോ പണയമായിട്ടോ കൈമാറ്റം ചെയ്തിട്ടുണ്ടെങ്കിൽ അങ്ങനെയുള്ളവർക്കു് ബുദ്ധിമുട്ടുണ്ടാകുമെന്നുള്ളതു മനസ്സിലാക്കി അതു മാറ്റാൻ വ്യവസ്ഥ ചെയ്തിട്ടുണ്ടു്. യഥാർത്ഥത്തിൽ ഒരത്യാവശ്യത്തിൻറെ പേരിൽ പണം കൂടുതലുള്ള പണക്കാരനായ ജന്മിക്കു് ഒറ്റി കൊടുത്തിട്ടുള്ള വസ്തുക്കൾ ഒഴിപ്പിച്ചെടുക്കാൻ ഈ ബില്ലനുസരിച്ചു് യാതൊരു തടസ്സവുമില്ല. ഇതിൽക്കൂടുതൽ പുരോഗമനപരമായി കർഷകനെ സഹായിക്കുവാൻ മറ്റു മാർഗ്ഗങ്ങളുണ്ടോ എന്നു സംശയമാണു്. അങ്ങനെ പരിപൂർണ്ണമായിട്ടല്ലെങ്കിലും യഥാർത്ഥത്തിൽ കൃഷിചെയ്യുന്ന ആളുകൾക്കും ചെറുകിടക്കാർക്കും അതിൽ താണ ആളുകൾക്കും ഉണ്ടാകാവുന്ന വൈഷമ്യങ്ങളും പരമാവധി പരിഹരിക്കുന്നതിനു ശ്രമിച്ചിട്ടുണ്ടു്. കുടികിടപ്പുകാരനും അതുപോലെതന്നെ വളരെക്കാലമായി ഭൂമി കൈവശം വച്ചു് അനുഭവിക്കുന്ന ആളുകൾക്കും ബുദ്ധിമുട്ടുണ്ടാകരുതെന്നു കരുതിക്കൊണ്ടു്, അവരുടെ അവകാശങ്ങളും അങ്ങേയറ്റം സംരക്ഷിച്ചുകൊണ്ടു് ഈ ബിൽ കൊണ്ടു

LIBRARY ARCHIVES Kerala Legislative Assembly

വന്നിരിക്കുകയാണു്. ഞാൻ നേരത്തേ സൂചിപ്പിച്ചതുപോലെ പരിപൂർണ്ണമാണെന്നു് ആരുംതന്നെ അവകാശപ്പെടുകയില്ല. ഇതു് റവന്യൂമന്ത്രിതന്നെ സമ്മതിച്ചിരിക്കുന്ന ഒരു വസ്തുതയാണു്, പരിപൂർണ്ണമായും ഉദ്ദേശത്തിനു് അനുസരണമായി വന്നുവെന്നു് അവകാശപ്പെടുന്നില്ലെന്നു് അവർതന്നെ വ്യക്തമാക്കുകയുണ്ടായി. അതിനുള്ള കാരണം എന്താണെന്നു നാം ആലോചിക്കണം. ഞങ്ങൾ ആദ്യമേതന്നെ നിർദ്ദേശിച്ചിട്ടുള്ള ഒരു കാര്യമുണ്ടു്. പ്ലാന്റേഷൻസിനെ സീലിംഗിൽനിന്നും എക്സംപ്റ്റു ചെയ്യണം, റബ്ബർ പ്ലാന്റേഷനെ വിടണം എന്നു്. എന്നാൽ ഇക്കാര്യം വന്നപ്പോൾ ബഹുമാനപ്പെട്ട മന്ത്രിതന്നെ സെലക്റ്റുകമ്മിറ്റിയിൽ പറയുകയുണ്ടായി നമ്മൾ ഒഴിവാക്കാൻ ശ്രമിച്ചതിനു പോലും സെൻട്രൽ ഗവണ്മെൻറിൽനിന്നും എതിരഭിപ്രായം വന്നിട്ടുണ്ടു് എന്നു്. പ്ലാനിംഗ് കമ്മീഷൻ പറഞ്ഞിട്ടുള്ള അഭിപ്രായങ്ങൾ സെലക്റ്റു കമ്മിറ്റിക്കു് സക്കുലേറ്റു ചെയ്തിട്ടുണ്ടെന്നുള്ളതു് ഒരു വസ്തുതയാണു്. അതെല്ലാം മനസ്സിൽ കണ്ടുകൊണ്ടു് കേന്ദ്രഗവണ്മെൻറിന്റെ അസൻറു്—പ്രസിഡൻറിന്റെ അനുമതി—ലഭിക്കണമെന്നുള്ളതിനാൽ അതിനു നിയമതടസ്സങ്ങൾ ഉണ്ടാകുമെന്നുള്ള സംശയം കൊണ്ടു് പല കാര്യങ്ങളും അത്യാവശ്യമാണെന്നിരിക്കിലും ഒഴിവാക്കപ്പെട്ടിട്ടുണ്ടെന്നുള്ളതു് ഒരു പരമാർത്ഥമാണു്. വാസ്തവത്തിൽ റബ്ബർ പ്ലാന്റേഷനെ ഒഴിവാക്കുന്നതിൽ വലിയ അർത്ഥമില്ലെന്നാണു് മനസ്സിലാകുന്നതു്. കാഷ്യു ഒഴിവാക്കിയിട്ടുമില്ല. ഇപ്പോൾ കൃഷ്യു കോർപ്പറേഷനെല്ലാം വന്നപ്പോൾ വളരെയധികം കശുവണ്ടി ഉൽപ്പാദിപ്പിക്കേണ്ടതായി വന്നിരിക്കുകയാണു്. ഇന്നു് 75 ശതമാനത്തോളം കശുവണ്ടിയും ഇറക്കുമതി ചെയ്യുകയാണു്. ആഫ്റിക്കയിൽനിന്നും ഇംപോർട്ടു ചെയ്യുകയാണു്. ഇന്നൊരു നാണ്യവിളയെന്നു പറയാൻ നിവൃത്തിയില്ലാത്ത രീതിയിലായിട്ടുള്ള കശുവണ്ടിവ്യവസായം, പരമ്പരാഗതമായ വ്യവസായം നിലനിൽക്കണമെങ്കിൽ കൃഷ്യുവിനു് പ്രത്യേക പരിഗണന നൽകേണ്ടതാണു്. എന്നാൽ അതെടുത്തുകളയുകയാണു് ചെയ്തിട്ടുള്ളതു്. അങ്ങനെയാണെങ്കിൽ നാണ്യവിളകളാണു് റബ്ബറും കുരുമുളകും എന്നു പറഞ്ഞിട്ടു് റബ്ബർ മാത്രം നിലനിർത്തേണ്ടിവന്നതു് എന്തുകൊണ്ടാണു് സർ? സെലക്റ്റു കമ്മിറ്റി ചെയർമാനെന്നുള്ള നിലയിൽ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതു് ഇതെല്ലാംകൂടി വരികയാണെങ്കിൽ ബില്ലിനുള്ള അംഗീകാരം കിട്ടുകയില്ലെന്ന ഭയം ഉണ്ടെന്നാണു്. അങ്ങനെയാകുമ്പോൾ ഇപ്പോൾ ഉൾക്കൊള്ളിച്ചിട്ടുള്ള ആനുകൂല്യങ്ങൾ പോലും പ്പെറുകിടക്കാർക്കും മറ്റു വിഭാഗങ്ങൾക്കും നൽകാൻ സാധിക്കാതെ വരുമെന്നുള്ള ഭയാശങ്കകൾ കൊണ്ടാണു് അതു് ഉൾപ്പെടുത്താൻ സാധിക്കാത്തതു്. അതിന്റെ അടിസ്ഥാനത്തിലാണു് ഞങ്ങൾ ഇതിനെ അനുകൂലിക്കേണ്ടിവന്നതും. ഈ രാജ്യത്തു് ഇത്രയും വർഷങ്ങളായി നടപ്പിലിരുന്ന ഒന്നാണു് ഭൂപരിഷ്ക്കരണനിയമം ഇല്ലാതിരുന്നതിന്റെ പേരിലുള്ള അസ്ഥിരത. ഒരു യഥാർത്ഥ കൃഷിക്കാരന്റെ അവകാശം എന്താണെന്നു് അറിഞ്ഞുകൂടാ. കുടിയാന്റെ അവകാശം എന്താണെന്നറിഞ്ഞുകൂടാ. ജന്മിയുടെ അവകാശം എന്താണെന്നറിഞ്ഞുകൂടാ. ഇത്തരത്തിലുള്ള ഒരു അസ്ഥിരത കാർഷിക പുരോഗതിക്കു് വിലങ്ങുതടിയായിരിക്കുന്ന ഈ സന്ദർഭത്തിൽ ഈ നിയമം വളരെ വേഗം പാസ്സാക്കിയെടുത്തു് നടപ്പിൽവരുത്തേണ്ടതു് അത്യാവശ്യമാണു്. ഇതിൽ എന്തെങ്കിലും കുറവുകളോ കുറവുകളോ ഉണ്ടെങ്കിൽ കാലാനുസരണമായി ഈ ബിൽ നിയമമായി നടപ്പിലാക്കിക്കൊണ്ടുവരുമ്പോൾ അതു മാറ്റാൻ പരിശ്രമിക്കാം. അപ്പോൾ അതിനുള്ള സമയവും സാവകാശവും ലഭിക്കുമെന്നുള്ളതിന്റെ പേരിൽ ഇപ്പോൾ അത്യാവശ്യമായി ഇതു പാസ്സാക്കണം. ഈ ഓണക്കാലത്തു് ഇതു് നിയമമായിത്തീരുമെന്നു പ്രതീക്ഷിച്ചിരുന്നതാണു്. എന്നാൽ ഈ നിയമം പാസ്സാകാതെതന്നെ ഓണം കടന്നുപോകുവാൻ പോകുകയാണു്. ഏതായാലും ഈ ഗവണ്മെൻറു് ഇൻഡ്യസ്റ്റാകെത്തന്നെ മാതൃകയായിട്ടുള്ള സഹകരണനിയമം, യൂണിവേഴ്സിറ്റി നിയമം ഇവ പാസ്സാക്കിയതുപോലെതന്നെ ഭൂപരിഷ്ക്കരണനിയമവും പാസ്സാക്കിയെടുക്കണം. മറ്റു സംസ്ഥാനങ്ങൾക്കു് മാർഗ്ഗദർശകമായ വിധത്തിലും നമ്മുടെ ചരിത്രത്തിന്റെ ഏടുകളിൽ രേഖപ്പെടുത്തത്തക്ക വിധത്തിലും ഇതു് അതിവേഗം പാസ്സാക്കിയെടുക്കേണ്ടതു് ആവശ്യമാണു്. അതല്ലാതെ ഈ നിയമസഭ പിരിച്ചു

LIBRARY ARCHIVES Kerala Legislative Assembly

വിടുകയെന്ന വന്നാൽ ഈ നിയമസഭ അതിന്റെ ഉത്തരവാദിത്വം നിറവേറ്റുന്നതിൽ പരാജയപ്പെട്ട എന്ന ദുഷ്പ്പേരു് ഏറ്റെടുക്കേണ്ടിവരും. അതിനിടയാക്കാതെ എത്രയും വേഗം പാസ്സാക്കിയെടുക്കുന്ന കാര്യത്തിൽ എന്റെ കക്ഷിയുടെ പിന്തുണ വാഗ്ദാനം ചെയ്യുകയാണു്. മാത്രമല്ല, എത്ര ദിവസം കൂടുതൽ ഇതിനുവേണ്ടി ഇരിക്കണമോ അതിനും തയ്യാറാണെന്ന പറഞ്ഞുകൊണ്ടു് ഈ ബില്ലിനെ ഞാൻ സ്വാഗതം ചെയ്യുന്നു.

[Shri J. A. Chacko in the Chair.]

ശ്രീ. കെ. കെ. കുമാരപിള്ള: സർ, നമ്മുടെ സംസ്ഥാനത്തു് കാലാകാലങ്ങളിൽ ഭരണകൂടങ്ങളുടെ വർഗ്ഗസ്വഭാവം സാമാന്യേന വ്യക്തമായി ദർശിക്കുവാൻ കഴിയുന്നതു് ഭൂനയപ്രശ്നത്തിലുള്ള ഭരണകൂടത്തിന്റെ സമീപനത്തിൽക്കൂടി ആണെന്നാണു് കഴിഞ്ഞകാലാനുഭവങ്ങളിൽനിന്നും മനസ്സിലാക്കാൻ സാധിക്കുന്നതു്. ഇവിടെ ഇതിനുമുമ്പു നടന്നിട്ടുള്ള എല്ലാ ഭൂനിയമപരിഷ്കരണശ്രമങ്ങളും ഈ തത്വത്തിനു കൂടുതൽ ഉപോൽബലകമായ തെളിവുകളാണു്. സർ, ആ പശ്ചാത്തലത്തിൽ നോക്കുമ്പോൾ ഇന്നു നമ്മുടെ മുന്നിൽ പരിഗണനയ്ക്കിരിക്കുന്ന ഈ നിയമം കരുപ്പിടിപ്പിക്കുന്നതിനും, അതിനു വേണ്ട ഭേദഗതികളോടുകൂടി സഭയിൽ അവതരിപ്പിക്കുന്നതിനും നേതൃത്വം നൽകിയ നമ്മുടെ ബഹുമാനപ്പെട്ട റവന്യൂമന്ത്രി ശ്രീമതി കെ. ആർ. ഗൗരിക്കു് അഭിനന്ദനത്തിന്റെയും അനുമോദനത്തിന്റെയും പൂച്ചെണ്ടുകൾ നേരാൻ ഞാനാഗ്രഹിക്കുകയാണു്.

സർ, ഈ രാജ്യത്തു് ഇന്നു് ഏറ്റവും കൂടുതൽ അനിശ്ചിതത്വം നിലവിലുള്ളതു് ഭൂമിയുടെ കൈവശാവകാശത്തെയും ഉടമാവകാശത്തെയും സംബന്ധിച്ചാണു്. നമ്മുടെ നിയമസഭാതലത്തിൽതന്നെ കഴിഞ്ഞ രണ്ടര വർഷങ്ങൾക്കുള്ളിൽ പല അവസരങ്ങളിലും ഭൂവികസനത്തെ സംബന്ധിച്ചും കാർഷിക വികസനത്തെ സംബന്ധിച്ചും ചർച്ച നടക്കുമ്പോഴെല്ലാംതന്നെ നമ്മുടെ സംസ്ഥാനത്തിനു വെളിയിലുള്ള ഫൈനാൻസിംഗ് ഏജൻസികളിൽനിന്നും നമ്മുടെ വികസനപ്രവർത്തനങ്ങൾക്കു്, പണം ലഭിക്കാനുള്ള ഏറ്റവും വലിയ തടസ്സമായി ഉന്നയിക്കുകയും മറും ചെയ്തിട്ടുള്ളതു് വസ്തുവിന്റെ-ഉടമസ്ഥാവകാശവും കൈവശാവകാശവും രണ്ടാളുകളിൽ ഇരിക്കുന്ന എന്നുള്ളതാണു്. ഒരുപ്പു നിലം ഇരുപ്പു ആക്കുന്ന പ്രശ്നമായാലും, കട്ടംകുഴി ചെയ്യാനുള്ള പ്രശ്നമായാലും, മൂലധനത്തിന്റെ ദുർഭിക്ഷതയുള്ള ഈ രാജ്യത്തു് വെളിയിലുള്ള ഫൈനാൻസിംഗ് ഏജൻസികളിൽനിന്നും പണം ലഭിക്കാൻ ബുദ്ധിമുട്ടുണ്ടു്. ഇതിനു മുൻപുള്ള എല്ലാ ഭൂനയബില്ലുകളിൽനിന്നും ഇതിനുള്ള രണ്ടു സവിശേഷതകളിൽ ഒന്നായി ഞാൻ കാണുന്നതു് ഈ പ്രശ്നം എന്നെന്നേയ്ക്കുമായി പരിഹരിക്കുവാനുള്ള ഒരു തീരുമാനം ഉണ്ടെന്നുള്ളതാണു്. ഭൂമിയുടെ ഉടമസ്ഥനെന്നുള്ള നിലയിൽ ഫലപ്രദമായ ഉടമസ്ഥനായാലും നാമമാത്രമായ ഉടമസ്ഥനായാലും ഒരു ഉടമയും കൈവശക്കാരനും തമ്മിൽ മാത്സര്യത്തിനും സംഘട്ടനത്തിനും ഇടയാക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ വകുപ്പുകൾ ഉൾക്കൊള്ളിക്കുവാൻ കഴിഞ്ഞു എന്നുള്ളതാണു് ഇതിലുള്ള ഏറ്റവും വലിയ പ്രത്യേകതകളിൽ ഒന്നു്. ഒരു നിശ്ചിത തീയതിക്കു് കൈവശക്കാരായ ആളുകളും നാമമാത്രമായ ഉടമാവകാശമുള്ള ജന്മിമാരും തമ്മിലുള്ള ബന്ധം അവസാനിപ്പിക്കുന്നതിനും യഥാർത്ഥ കൃഷിക്കാരനെ ഭൂമിയുടെ ഉടമയാക്കി മാറ്റുന്നതിനുമുള്ള വകുപ്പുകൾ ആദ്യമായി ഒരു ഭൂനയബില്ലിൽ ഉണ്ടാകുന്നതു് ഈ ബില്ലിലാണു് എന്നുള്ളതാണു് മറ്റൊരു സവിശേഷത. എടുത്തു പറയേണ്ടതായ മറ്റൊരു പ്രത്യേകതയുള്ളതു് നൂറുകണക്കിനും ആയിരക്കണക്കിനും ഏക്കർ ഭൂമി കൃഷിക്കാരനു കൊടുക്കണമെന്നുള്ള ഭൂനിയമം വരുമ്പോൾ കൈയടിച്ചു പാസ്സാക്കുകയും ആഹ്ലാദത്തിമിർപ്പോടുകൂടി സ്വീകരിക്കുകയും ചെയ്യുന്ന ആളുകൾ അവരുടെ ഭൂമിയുടെ അങ്ങിങ്ങായി ചെറുപ്പുരകൾ കെട്ടി താമസിക്കുന്ന പാവപ്പെട്ട കുടികിടപ്പുകാർക്കു് സ്ഥിരാവകാശം കൊടുക്കുന്ന കാര്യത്തിൽ മുറുമുറുക്കുന്ന ശബ്ദം പുറപ്പെടുവിക്കുന്നതു് ഞാൻ കേട്ടിട്ടുള്ളതാണു്. ഈ രാജ്യത്തെ ഒരു പാവപ്പെട്ട കുടികിടപ്പുകാരനു് അവൻ താമസിക്കുന്ന ഭൂമിയുടെ ഉടമയായി മാറാനുള്ള വകുപ്പു് ഉൾക്കൊള്ളിച്ചിട്ടുണ്ടെ

LIBRARY ARCHIVES Kerala Legislative Assembly

ന്നുള്ളതാണ് ഇതിലുള്ള മറ്റൊരു വലിയ പ്രത്യേകത. കാർഷികമായ കാര്യങ്ങളെക്കുറിച്ചും കർഷകൻ ഭൂമിയുടെ ഉടമയായിത്തീരേണ്ട ഏറ്റവും വലിയ ആവശ്യത്തെക്കുറിച്ചും എല്ലാം നെടുനെടുങ്കൻ പ്രസംഗങ്ങളും ഗിരിപ്രഭാഷണങ്ങളും നടത്തുന്ന ആളുകാർ, ഇതിൽ അന്തർലീനമായ തത്വസംഹിതകളെക്കുറിച്ച് വിശദീകരണം നൽകുന്ന ആളുകാർ പാവപ്പെട്ട, അർദ്ധപട്ടിണിക്കാരനായ കുടികിടപ്പുകാരന്റെ അഞ്ചുസെന്റു ഭൂമി പത്തു സെന്റാക്കി മാറ്റണമെന്നു പറയുമ്പോൾ കാണിക്കുന്ന വിഷമതകളും എന്തെല്ലാമാണെന്നു് സെലക്ട് കമ്മിറ്റിയിൽവച്ച് കേൾക്കാനും അറിയാനും ഇടയായിട്ടുണ്ട്. കമ്മിറ്റിക്കുള്ളിലുള്ള ചർച്ചയെപ്പറ്റി നിയമസഭയിൽ സംസാരിച്ചുകൂടാ എന്നുള്ള കൺവെൻഷൻ ഉണ്ടെന്നാണ് എന്റെ ഓർമ്മ. അതുകൊണ്ട് ഞാൻ അതിലേക്കു കടക്കുന്നില്ല. കുടികിടപ്പുകാരനു് കഴിഞ്ഞ ബില്ലുകളിലെല്ലാം ഉറപ്പുചെയ്തിരുന്നതിൽക്കൂടുതൽ അവന്റെ ആവേശവും അവന്റെ ആവശ്യവും പരിഗണിച്ച് ഉള്ളിടത്തോളം ഭൂമി കുടിയിരിപ്പുഭൂമി അംഗീകരിച്ചുകൊടുക്കുന്നു എന്നുള്ളതാണ് മറ്റൊരു സവിശേഷത. ഈ സവിശേഷതകളെല്ലാം പറയുമ്പോൾ എന്റെ മുൻ പ്രാസംഗികൻ ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ പരിധിയിൽ ഉൾപ്പെട്ടത്താമായിരുന്ന എല്ലാം ഉൾപ്പെടുത്തിയെന്നോ കൈവശാവകാശത്തിന്റെയും ഉടമാവകാശത്തിന്റെയും പരിധി നിയന്ത്രണത്തിൽ ഒരു പരസ്പരബന്ധം ഉണ്ടാക്കുമായിരുന്നതു് പൂർണ്ണമായും ഉണ്ടാക്കിയെന്നോ ഞാൻ പറയുന്നില്ല. ഇതിനെ സംബന്ധിച്ചിടത്തോളം ഒരു ക്ലാസ് ബൈ ക്ലാസ് എന്ന നിലയിലുള്ള ഡിസ്കഷനു് ഞാൻ ഈയവസരത്തിൽ ഒരുമ്പെടുന്നില്ല. ഈ ബില്ലിൽ ചെയ്യാൻ കഴിയുന്നിടത്തോളം കാര്യങ്ങൾ ഈ രാജ്യത്തിലെ ഏറ്റവും കൂടുതൽ അധഃസ്ഥിതമായ ജനവിഭാഗത്തിനു വേണ്ടി ചെയ്തിട്ടുണ്ടോ എന്നുള്ളതു് ആത്മപരിശോധനയ്ക്കു വിധേയമാക്കണമെന്നു് എനിക്കഭിപ്രായമുണ്ട്. ഇന്നു നമ്മുടെ രാജ്യത്തെ സമ്പദ്ഘടനയുടെ ഏറ്റവും അടിയിൽ കിടക്കുന്ന ഒരു വിഭാഗമാണ് കാർഷികത്തൊഴിലാളികൾ. ഇന്നാട്ടിലെ നഗരങ്ങളും പട്ടണങ്ങളും കഴിഞ്ഞാൽ നാട്ടിൻപുറങ്ങളിലെ കുടികിടപ്പുകാരിൽ 99 ശതമാനവും കാർഷികത്തൊഴിലാളികളാണ്. ഞാൻ വരുന്ന ഭൂപ്രദേശത്തിന്റെ പ്രത്യേക പരിതഃസ്ഥിതി അനുസരിച്ചു പറഞ്ഞാൽ ആണ്ടിൽ ആറുമാസം പോലും ജോലിചെയ്യാൻ മാർഗ്ഗമില്ലാതെയുള്ള പ്രത്യേകതകൾ ഉൾക്കൊള്ളുന്ന ഒരു സ്ഥലമാണ്. കേരളത്തിന്റെ എല്ലാ ഭാഗങ്ങളിലും ആണ്ടിൽ ഒരു പ്രത്യേക കാലഘട്ടത്തിൽ കാർഷികത്തൊഴിലാളികൾക്ക് പണിയെടുക്കാൻ സാധിക്കാത്ത സാഹചര്യമുണ്ട്. നാട്ടിൻപുറത്തെ ബഹുഭൂരിപക്ഷംവരുന്ന കാർഷികത്തൊഴിലാളികൾ ഈ പ്രാരബ്ധം കൂടി അനുഭവിക്കേണ്ടിവരുന്ന തൊഴിലാളികളെന്നുള്ള നിലയിൽ അവരോട് വേണ്ടത്ര നീതി കാണിക്കാൻ കഴിഞ്ഞിട്ടില്ലെന്നുള്ളതിൽ എനിക്ക് ഖേദമുണ്ട് സർ. എന്റെ കക്ഷിക്കും ഖേദമുണ്ട്.

സർ, നാം കുടികിടപ്പുകാരനു് പർച്ചേസ് റൈറ്റ് കൊടുക്കുന്ന കാര്യത്തിൽ, കുടികിടപ്പുകാരനു് കുടികിടപ്പിന്റെ ഉടമയായിത്തീരാനുള്ള അവകാശം കൊടുക്കുന്ന കാര്യത്തിൽ, ഒരു വിവേചനബുദ്ധി കാണിക്കാൻ ശ്രമിച്ചിട്ടില്ലേ എന്നു് ഞാൻ സംശയിക്കുന്നു. ഒരു കുടികിടപ്പുകാരൻ ഒരു ഭൂമിയിൽ കുടികിടക്കുമ്പോൾ അവനു ലഭിക്കേണ്ട അവകാശങ്ങളും അവനു കിട്ടേണ്ട ന്യായമായ സംരക്ഷണങ്ങളും ആ ഭൂമിയുടെ ഉടമസ്ഥന്റെ സ്വത്തിന്റെ അടിസ്ഥാനത്തിൽ നിശ്ചയിക്കാൻ ശ്രമിക്കുന്നതു് ശരിയാണോ എന്ന സംശയം ഇതു സംബന്ധിച്ച ചർച്ചകളിലെല്ലാം എനിക്കുണ്ടായിട്ടുണ്ട്. എന്റെ സംശയങ്ങളും എന്റെ അഭിപ്രായങ്ങളും ഈ പ്രശ്നത്തിൽ വളരെ വ്യക്തമായിത്തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. വളരെ വിലപ്പെട്ട ചർച്ചകളിലൂടെ ഇത്രയും കാര്യങ്ങളെങ്കിലും ഇതിൽ ഉൾക്കൊള്ളിക്കാൻ സാധിച്ചതിൽ എനിക്കും എന്റെ പാർട്ടിക്കും അഭിമാനമുണ്ട്. ഇനിയുള്ള പോരായ്മകൾ നടക്കാനിരിക്കുന്ന ചർച്ചകളിൽ പരിഹരിക്കാൻ കഴിയുമെന്നു് എനിക്കു് വിശ്വാസമുണ്ട്. എന്തെല്ലാം പോരായ്മകൾ ഈ നിയമത്തിലുണ്ടെങ്കിലും ശരി രണ്ടുമൂന്നു കാര്യങ്ങളിൽ ഈ രാജ്യത്തുണ്ടായിട്ടുള്ള നിയമങ്ങളിൽവച്ച് ഏറ്റവും പ്രയോജനപ്രദമായ ഒരു നിയമമാണ് ഇതു്. അതുകൊണ്ട് കഴിയുന്നത്ര വേഗത്തിൽ ഇതിന്റെ ചർച്ച പൂർത്തീകരിക്കുന

LIBRARY ARCHIVES Kerala Legislative Assembly

തിനും ഈ രാജ്യത്തെ കൃഷിക്കാരനും കുടികിടപ്പുകാരനും അവനിൽക്കൂടി ആകെ മൊത്തമുള്ള സാമാന്യജനങ്ങൾക്കും ഇതിന്റെ പ്രയോജനം പകർന്നുകൊടുക്കാൻ വളരെ വ്യഗ്രതയോടുകൂടി പരിശ്രമിക്കണമെന്നു് അഭ്യർത്ഥിച്ചുകൊണ്ടു് അവസാനിപ്പിക്കുന്നു.

ശ്രീ. ഇ. അഹമ്മദു് : സർ, ബഹുമാനപ്പെട്ട റവന്യൂമന്ത്രി ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഈ ഭേദഗതി ബില്ലിനെ ഞാനും എന്റെ കക്ഷിയും സഹർഷം, സസ്പൃഹമനാ സ്വാഗതം ചെയ്യുകയാണു്, പിൻതാങ്ങുകയാണു്. സർ, ഈ ബില്ലിനെക്കുറിച്ചു സംസാരിക്കുമ്പോഴും വളരെയധികം വികാരമുൾക്കൊള്ളേണ്ട ഒരു സ്ഥിതിവിശേഷം സംജാതമായിരിക്കയാണു്. ഇന്നു കേരളത്തിന്റെ ഒരു ഭാഗമായിത്തീർന്നിരിക്കുന്ന മലബാറിലായിരുന്ന സർ ആദ്യമായി പല ഭൂപരിഷ്ക്കരണ നിയമങ്ങളും നടപ്പിൽ വന്നിട്ടുള്ളതു്. മദിരാശി സംസ്ഥാനത്തിന്റെ ഒരു ഭാഗമായിരുന്ന മലബാറിൽ 1929–ൽ മലബാർ കുടിയാന്മ നിയമം വന്നെങ്കിലും അതു് വളരെ പുരോഗമനപരമായ നിയമമായി വീണ്ടും ഭേദഗതി ചെയ്തതു് 1954–ൽ ആയിരുന്നു. 1954–ലെ മലബാർ കുടിയാന്മ നിയമം മദിരാശി അസംബ്ലിയിൽ അവതരിപ്പിച്ചപ്പോൾ മുസ്ലീംലീഗു കക്ഷിയുടെ പ്രമുഖ നേതാവും ഈ സഭയുടെ അദ്ധ്യക്ഷനും ഞങ്ങളുടെ അന്നത്തെ നേതാവുമായിരുന്ന യശഃശരീരനായ ജനാബു് സീതീസാഹിബ്ബു് എത്രമാത്രം പങ്കുവഹിച്ചുവെന്നുള്ള കാര്യം അന്നത്തെ പത്രങ്ങളിലെല്ലാം വന്നിരുന്നു. സർ, ഈ സഭയിൽത്തന്നെ 1958–ലെ ഗവണ്മെന്റിന്റെ കാലത്തും 1960–ലെ ഗവണ്മെന്റിന്റെ കാലത്തും കൊണ്ടുവന്നിട്ടുള്ള ഭൂപരിഷ്ക്കരണ നിയമങ്ങളിൽ മുസ്ലീംലീഗുപാർട്ടി എത്രമാത്രം സഹകരിച്ചിട്ടുണ്ടെന്നു് എല്ലാവർക്കും അറിയാം. ഈ പശ്ചാത്തലത്തിലും വിശിഷ്യാ ബ്രിട്ടീഷുകാർ ''മലബാർ ലഹള''യെന്നും ''മാപ്പിള ലഹള''യെന്നും പേരിട്ട 1921–ൽ ഏറനാട്ടിലെ മാപ്പിള കർഷകർ നടത്തിയ യഥാർത്ഥ കാർഷിക വിപ്ലവത്തിൽനിന്നും ആവേശവും പ്രചോദനവും ഉൾക്കൊള്ളുന്ന ഒരു കക്ഷിയുടെ വക്താവെന്ന നിലയിൽ പുരോഗമനപരമായ ഈ നിയമം ഈ നിയമസഭയിൽ അവതരിപ്പിച്ചതിനു് എനിക്കും എന്റെ കക്ഷിക്കും അഭിമാനമുണ്ടു്, ആവേശമുണ്ടു് എന്നു വ്യക്തമാക്കാൻ ഞാനാഗ്രഹിക്കുകയാണു്.

സർ, ഈ നിയമം അവതരിപ്പിച്ചുകൊണ്ടു് ബഹുമാനപ്പെട്ട റവന്യൂമന്ത്രി പറഞ്ഞതുപോലെ ഇതുകൊണ്ടു് എല്ലാ പ്രശ്നങ്ങളും പരിഹരിക്കപ്പെട്ട എന്നു് അവകാശപ്പെടുന്നില്ല. അതേയവസരത്തിൽ യഥാർത്ഥ കർഷകനു് അവന്റെ അവകാശങ്ങളും അനുവദിച്ചുകൊടുക്കാനുള്ള ഒരു കാൽവയ്പു്, പുരോഗമനപരമായ ഒരു കാൽവയ്പു് ഈ നിയമത്തിലൂടെ നമുക്കു കാണാൻ സാധിക്കുന്നുണ്ടു്. ഇൻഡ്യയ്ക്കു് സ്വാതന്ത്ര്യം കിട്ടി 22 വർഷം കഴിഞ്ഞിട്ടും, മറ്റൊരു സംസ്ഥാനവും നടപ്പിൽ വരുത്താൻ ധൈര്യപ്പെടാത്ത അത്രമാത്രം പുരോഗമനപരമായ ഒരു നിയമമാണു് നാം വിഭാവന ചെയ്തിരിക്കുന്നതു്. ഇൻഡ്യയിലെ ഇതര സംസ്ഥാനങ്ങളും ഉണ്ടാക്കിയിട്ടുള്ളതിൽവച്ചു് ഏറ്റവും പുരോഗമനപരമായ ഒരു നിയമമാണു് ഇവിടെ അവതരിപ്പിച്ചിരിക്കുന്നതു എന്നു പറഞ്ഞാൽ അതു് ഒട്ടുംതന്നെ അതിശയോക്തിപരമായിരിക്കുകയില്ല. യഥാർത്ഥ കുടിയാന്മാർക്കും കുടികിടപ്പുകാർക്കും നിലവിലുള്ള അവകാശങ്ങളും സംരക്ഷിക്കുകയെന്നുള്ളതു മാത്രമല്ല കൂടുതൽ നല്ല പല ആനുകൂല്യങ്ങളും അനുവദിച്ചുകൊടുക്കുക എന്നുള്ള ഉദ്ദേശത്തോടുകൂടിയാണു് ഈ നിയമം ഇവിടെ അവതരിപ്പിച്ചിരിക്കുന്നതു്. സർ, ദുർഭാഗ്യവശാൽ ജന്മി–കുടിയാൻ ബന്ധമെന്നു പറയുന്നതു് നമ്മുടെ സാമൂഹ്യ ജീവിതത്തിൽ ഇന്നു് കീറാമുട്ടി പ്രശ്നമായി മാറിയിരിക്കുകയാണു്. അങ്ങനെയുള്ള കീറാമുട്ടി പ്രശ്നങ്ങൾക്കു് എന്നെന്നേയ്ക്കുമായി പരിഹാരം കാണുകയെന്നുള്ളതിന്റെ ആദ്യത്തെ പടിയെന്നുള്ള നിലയിൽ ചില നല്ല വ്യവസ്ഥകളും ഇതിനകത്തു് ഉൾക്കൊള്ളിച്ചിട്ടുണ്ടു്. അതുപോലെതന്നെ ചെറുകിട ജന്മിമാരുടെ, കുടികിടപ്പുകാരുടെ, കൃഷിക്കാരുടെ നിരവധി പ്രശ്നങ്ങളും പരിഹരിക്കാനുള്ള ഒരു നീക്കം ഈ ബില്ലിൽ കാണുന്നുണ്ടു്. പരമാവധി കൈവശം വയ്ക്കാവുന്ന ഭൂമിയുടെ പരിധി നിർണ്ണയിച്ചുകൊണ്ടു് കഴിയുന്നത്ര ന്യായമായും യുക്തിസഹജമായും കാർഷികപരിഷ്ക്കരണം നടത്താനുള്ള പരിശ്രമം ഇതിൽ കാണുന്നുണ്ടു്. വളരെ ശ്രമകരമായ ഒരു ജോലി

LIBRARY ARCHIVES Kerala Legislative Assembly

യാണ് നമ്മുടെ ബഹുമാനപ്പെട്ട റവന്യൂമന്ത്രി ഏറെറടുത്തിരിക്കുന്നതെന്നുള്ള കാര്യം നമുക്കെല്ലാവർക്കും അറിയാം. ആ ശ്രമകരമായ ജോലി തുറന്ന മനസ്സോടുകൂടിയും ആത്മാർത്ഥമായും നിവ്വഹിക്കുന്നതിനു കാണിച്ച ശ്രദ്ധ് ക്കാന്തി എല്ലാവർക്കും അറിയാം. അങ്ങനെ അത്മാർത്ഥമായ പരിശ്രമം നടത്തിയ റവന്യൂമന്ത്രി എന്റെ സ്നേഹിതൻ ശ്രീ. കുമാരപിള്ള പറഞ്ഞതുപോലെ അഭിനന്ദനത്തിന്റെ പൂച്ചെണ്ടുകൾ അർഹിക്കുന്നുണ്ട്.

സർ, ഈ ട്രൈബ്യൂണൽ നിയമം കേരളജനതയ്ക്ക് ഐക്യമുന്നണി ഗവണ്മെന്റു നൽകുന്ന ഒരു മഹത്തായ സംഭാവനയാണ്, ഇതു പ്രായോഗികമാക്കുന്നതിനു വല്ല വൈഷമ്യവുമുണ്ടെങ്കിൽ അവയെ സംബന്ധിച്ചിടത്തോളമുള്ള വിശദാംശങ്ങൾ ഈ ബില്ലിന്റെ അടുത്ത ഘട്ടത്തിൽ നമുക്ക് ചർച്ചചെയ്യ് തീരുമാനിക്കാവുന്നതാണ്. ഈ നിയമത്തിൽ തുറന്ന മനസ്സോടുകൂടിയുള്ള ഒരു സമീപനം കാണുന്നതു്, കുടികിടപ്പു കാരനും കൃഷിക്കാരനും കൂടിയാണും അവന്റെ ന്യായമായ അവകാശങ്ങളും കിട്ടുന്നതോടൊപ്പം തന്നെ ചെറുകിട ജന്മിമാക്കും അവക്കുണ്ടാകുന്ന നഷ്ടത്തിനു് പരിഹാരം നൽകുന്നതിനുള്ള വ്യവസ്ഥ ഉൾക്കൊള്ളിച്ചിട്ടുള്ളതാണ്. അങ്ങനെ തികച്ചും ന്യായയുക്തമെന്നു് എല്ലാവർക്കും തോന്നത്തക്കരീതിയിൽ ഈ നിയമം കഴിയുന്നത്ര വേഗം പാസ്സാക്കണമെന്ന എന്റെ ഉറച്ച അഭിപ്രായം ഞാൻ ആവർത്തിച്ചാവർത്തിച്ചു് പറയുകയാണ്. ഈ സഭ ഒരു മാസം കഴിഞ്ഞു് വീണ്ടും വിളിച്ചുകൂട്ടി ഈ നിയമം വേഗം പാസ്സാക്കണമെന്നും അതിനാവശ്യമായ എല്ലാവിധ സഹായസഹകരണങ്ങളും മുസ്ലീംലീഗു പാർട്ടിയിൽനിന്നു് ഉണ്ടാകുമെന്നും സഭയെ അറിയിച്ചുകൊണ്ടു് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുകയാണ്.

ശ്രീ. എ. എസ്. പുരുഷോത്തമൻ : കുടികിടപ്പുസമ്പ്രദായം അവസാനിപ്പിച്ചുകൊണ്ടു് അവക്കു് ഭൂമിവാങ്ങിക്കാൻ അവകാശമില്ലെന്നു പറയുന്നതിനെ സംബന്ധിച്ചു് മെമ്പറുടെ അഭിപ്രായമെന്താണ് ?

ശ്രീ. ഇ. അഹമ്മദ് : ഞാൻ ഇപ്പോഴും മൊത്തത്തിലാണു് പറഞ്ഞതു്. മറ്റുള്ളതെല്ലാം അടുത്ത ഘട്ടത്തിൽ പറയേണ്ടതാണ്. കുടികിടപ്പുകാരനു് എല്ലാവിധ ന്യായമായ അവകാശങ്ങളും അനുവദിച്ചുകൊടുക്കണമെന്നുള്ള കാര്യത്തിൽ ആർക്കും അഭിപ്രായവ്യത്യാസമില്ല. അതിനുള്ള വ്യവസ്ഥകളെല്ലാം ഇതിലുണ്ടു്. കൂടുതൽ വല്ലതും ആനുകൂല്യം ചെയ്തുകൊടുക്കണമെന്നുണ്ടെങ്കിൽ അതും നമുക്കു് ആലോചിക്കാവുന്നതാണ്.

ശ്രീ. കെ. ടി. ജോർജ്ജ് : മൊത്തത്തിലാണു് പറയുന്നതു് എന്നു പറഞ്ഞുകൊണ്ടു് ബില്ലിന്റെ ഉള്ളടക്കത്തെക്കുറിച്ചു് ഒന്നും പറയാതെ പോകുന്നതു ശരിയാണോ ?

ശ്രീ. ഇ. അഹമ്മദ് : സമയമുണ്ടെങ്കിൽ എത്രവേണമെങ്കിലും, ഏതു രീതിയിൽ വേണമെങ്കിലും സംസാരിക്കുന്നതിൽ വിരോധമില്ല. ഞാൻ ഈ ബില്ലിനെ സവ്വാത്മനാ പിൻതാങ്ങുകയാണെന്നു് നേരത്തെ പറഞ്ഞിട്ടുണ്ടു്. ഈ ബില്ലിന്റെ കാര്യത്തിൽ ആർക്കും അഭിപ്രായവ്യത്യാസമില്ല.

ശ്രീ. എ. എസ്. പുരുഷോത്തമൻ : പൊതുവായ കാര്യമാണു് ഞാൻ ചോദിക്കുന്നതു്. കുടികിടപ്പുകാർക്കു് പർച്ചേസ് റൈറ്റു കൊടുക്കുന്നതു സംബന്ധിച്ച ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായമെന്താണ് ?

ശ്രീ. ഇ. അഹമ്മദ് : ന്യായമായ എല്ലാ അവകാശങ്ങളും കൊടുക്കാമെന്നു് ഞാൻ പറഞ്ഞല്ലൊ.

ശ്രീ. പന്തളം പി. ആർ. മാധവൻപിള്ള : സർ, സെലക്ടുകമ്മിറ്റി റിപ്പോർട്ടു ചെയ്ത ഈ ബില്ലിനെ, ആത്മാർത്ഥമായ ആവേശപൂവ്വം ഞാൻ സ്വാഗതംചെയ്യുകയാണ്. 1967-ൽ ഈ നിയമസഭയിൽ അവതരിപ്പിച്ച കാർഷികബന്ധബില്ലു് ട്രൈബ്യൂണൽകരണരംഗത്തെ ആദ്യത്തെ നാഴികക്കല്ലായിരുന്നെങ്കിൽ, ഇതു് രണ്ടാമത്തെ

LIBRARY ARCHIVES Kerala Legislative Assembly

നാഴികക്കല്ലായിരിക്കുന്നു എന്നു ചൂണ്ടിക്കാണിക്കേണ്ടിയിരിക്കുന്നു. ഈ ബില്ലിൽ നമ്മുടെ ഉദ്ദേശലക്ഷ്യങ്ങളിൽ പലതും ഉൾക്കൊള്ളിക്കാൻ സാധിച്ചിട്ടുണ്ടെന്നുപോലും ചൂണ്ടിക്കാണിക്കാൻ ഞാനാഗ്രഹിക്കുകയാണു്. അതായതു് കുടിയായ്മസമ്പ്രദായം വച്ചുപൊറുപ്പിക്കുകയില്ല, അതു് അവസാനിപ്പിക്കുമെന്നുള്ള ലക്ഷ്യം ഇതിൽ കാണാൻ നമുക്കു കഴിയും. അതുപോലെതന്നെ കുടികിടപ്പുകാരനു് സംരക്ഷണം നൽകുമെന്നു മാത്രമല്ല, കുടികിടപ്പുസമ്പ്രദായംതന്നെ അവസാനിപ്പിക്കുന്നതിനുള്ള ശ്രമം ഇതിനകത്തു് വളരെ വ്യക്തമായി കാണുന്നുണ്ടു്. ഭൂമിയുടെ ഉടമസ്ഥതയിലും ഭൂമിയുടെ കൈവശത്തിലും ഉള്ള കൃത്രകസമ്പ്രദായം അവസാനിപ്പിക്കുന്നതിനു് ഉതകുന്ന വ്യവസ്ഥകളും ഈ ബില്ലിലുണ്ടു്. അങ്ങനെ അതിപ്രധാനമായ രണ്ടു മൂന്നു മാറ്റങ്ങളും, അടിസ്ഥാനപരമായ മാറ്റങ്ങളും നമ്മുടെ കാർഷികവ്യവസ്ഥകളിൽ, ഭൂടമാസമ്പ്രദായത്തിൽ വരുത്തുന്ന ഒരു നിയമമെന്നുള്ളനിലയിൽ സുവർണ്ണലിപികളിൽ ഇതു രേഖപ്പെടുത്തേണ്ടതാണു്. ഇതു ഞാൻ പറഞ്ഞതുകൊണ്ടു് ഈ ബില്ലിൽ മറ്റു പോരായ്മകളൊന്നും ഇല്ലെന്നതല്ലമില്ല. പ്രധാനമായും ഈബില്ലിൽ കുടികിടപ്പുകാരനു് നൽകിയിരിക്കുന്ന സംരക്ഷണം പോരെന്നു അഭിപ്രായമാണു് എനിക്കും എന്റെ പാർട്ടിക്കുമുള്ളതു്. കുടികിടപ്പുകാരനു് അവന്റെ കുടികിടപ്പു് വിലയ്ക്കു വാങ്ങാമെന്നു് 56-ാം വകുപ്പിൽ വ്യക്തമാക്കിയിട്ടുണ്ടു്. പക്ഷെ ഒരേക്കർ 99 സെന്റു് ഭൂമിയുള്ള ഒരു വസ്തുഉടമസ്ഥന്റെ സ്ഥലത്തു താമസിക്കുന്ന കുടികിടപ്പുകാരനു് മൊത്തമായി 10 സെന്റു ഭൂമി മാത്രമേ വാങ്ങിക്കാനുള്ള അവകാശം ഈ ബില്ലിൽ കൊടുക്കുന്നുള്ളു. കുടികിടപ്പുകാർ രണ്ടു കുടികിടപ്പുകാരായാലും അഞ്ചു കുടികിടപ്പുകാരായാലും എല്ലാവക്കുംകൂടി 10 സെന്റു മാത്രമേ വാങ്ങിക്കാൻ കഴിയു എന്നു വന്നാൽ നമ്മൾ പറഞ്ഞിരിക്കുന്നേ രീതിയിൽ കുടികിടപ്പുകാരനു് ഭൂമി വാങ്ങിക്കാൻ കഴിയുകയില്ല. അതുകൊണ്ടു് വസ്തുഉടമസ്ഥന്മാക്കു് എത്ര ഭൂമിയുണ്ടെന്നു നോക്കാതെ ചെറുകിട വസ്തു ഉടമസ്ഥന്മാരായാലും ശരി വൻകിട ഭൂടമസ്ഥന്മാരായാലും ശരി ഓരോരുത്തക്കും പഞ്ചായത്തിനുള്ളിലാണെങ്കിൽ 10 സെന്റു വീതം വാങ്ങിക്കാനുള്ള അവകാശം കൊടുക്കേണ്ടതാണു്. അതുപോലെതന്നെ മുനിസിപ്പൽ ഏരിയായിൽ അഞ്ചു സെന്റു വീതം കിട്ടാനുള്ള അവകാശം കൊടുക്കേണ്ടതാണു്. അതുകൊണ്ടു് ഈ തരത്തിൽ വസ്തു ഉടമസ്ഥന്മാരുടെ വസ്തുവിന്റെ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ ആ അവകാശം വെട്ടിച്ചുരുക്കുന്നതു ശരിയല്ല. അതുപോലെതന്നെ ഒരേക്കറിൽ കുറവായിട്ടുള്ള വസ്തുഉടമസ്ഥന്മാക്കു് വേറെ ഭൂമി വാങ്ങി ഈ കുടികിടപ്പുകാരനെ അങ്ങോട്ടു മാറ്റുന്നതിനു് 3 വർഷത്തെ കാലാവധി കൊടുക്കണമെന്നു പറയുന്നതു ശരിയല്ല. അതു് ഒരു വർഷമായി വെട്ടിച്ചുരുക്കണമെന്നാണു് എന്റെ അഭിപ്രായം. അതു മാത്രമല്ല രണ്ടേക്കറിൽ കുറവായിട്ടുള്ള ഭൂടമകൾ അവക്കു് ഭൂമി പാട്ടത്തിനു കൊടുത്തിട്ടുണ്ടു്. കുടികിടപ്പുകാരൻ ആ ഭൂമി വിലവാങ്ങിക്കുന്ന അവസരത്തിൽ വൻകിട ഭൂടമയ്ക്കു കൊടുക്കുന്ന നഷ്ടപരിഹാരം ഒക്കുമായി നൽകാൻ കഴിയേണ്ടതാണു്. കുറെക്കൂടി മെച്ചപ്പെട്ട നഷ്ടപരിഹാരം അവക്കു കിട്ടണമെന്ന ചില നിർദ്ദേശങ്ങളും ഉണ്ടായിട്ടുണ്ടു്. അതു് ഈ ബില്ലിന്റെ അടുത്ത ഘട്ടത്തിൽ നമുക്കു പരിഗണിക്കാവുന്നതാണു്. ഏതായിരുന്നാലും കൃഷിക്കാക്കും കുടികിടപ്പുകാക്കും കുറെക്കൂടി സുരക്ഷിതത്വവും, ആനുകൂല്യങ്ങളും കിട്ടത്തക്കനിലയിൽ നല്ല ചില ഭേദഗതികളും അംഗീകരിച്ചുകൊണ്ടു് എത്രയും വേഗം എല്ലാ പാർട്ടികളും യോജിച്ചുനിന്നുകൊണ്ടു് ഇതു നടപ്പാക്കാനുള്ള ഒരു പരിശ്രമം നമുക്കു നടത്തണം.

മി. ചെയർമാൻ : ബഹുമാനപ്പെട്ട മെമ്പർ പ്രസംഗം ഉടൻ അവസാനിപ്പിക്കുന്നുണ്ടോ ?

ശ്രീ പന്തളം പി. ആർ. മാധവൻപിള്ള : ഇല്ല. ഇനി നാലഞ്ചു മിനിട്ടുകൂടി എനിക്കു സംസാരിക്കാനുണ്ടു്.

മി. ചെയർമാൻ : എങ്കിൽ ബാക്കി അടുത്ത ദിവസം സംസാരിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

7. PRIVATE MEMBERS' BUSINESS

ശ്രീ. കെ. കെ. അബു : സ്വകാര്യഅംഗങ്ങളുടെ ബില്ലും റസല്യൂഷനും സംബന്ധിച്ച കമ്മിറ്റിയുടെ പത്താമത്തെ റിപ്പോർട്ട് പരിഗണനയ്ക്കെടുക്കണമെന്നും അഭ്യർത്ഥിക്കുന്നു.

Shri N. I. Devassykutty: Sir, I second it.

The report was put and carried.

RESOLUTIONS

1. Steps for prevention of sea erosion in Kerala

ശ്രീ. എ. എസ്. പുരുഷോത്തമൻ : സർ, ''300–ൽപരം മൈൽ ദൈർഘ്യം വരുന്ന കേരളത്തിന്റെ തീരപ്രദേശത്തെ കടലാക്രമണത്തിൽനിന്നും സംരക്ഷിക്കുന്നതിനും സംസ്ഥാനത്തിനും കഴിയുന്നില്ലെന്ന വസ്തുത പരിഗണിച്ചും കടലാക്രമണപ്രതിരോധത്തിനും ഒരു മാസ്റ്റർപ്ലാൻ തയാറാക്കി നടപ്പിൽ വരുത്തണമെന്നും ഈ സഭ കേന്ദ്രഗവണ്മെന്റിനോടു അഭ്യർത്ഥിക്കുന്നു'' എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു. സർ, ഏതാണ്ടു 350–ാളം മൈൽ ദൈർഘ്യം വരുന്നതാണു നമ്മുടെ തീരപ്രദേശം. കുറെ ഏറെവർഷങ്ങളായി നമ്മുടെ തീരപ്രദേശങ്ങളുടെ നിലനില്പിനെ ഭീഷണിപ്പെടുത്തിക്കൊണ്ടും, ഭയാശങ്കകളുളവാക്കിക്കൊണ്ടും തീരപ്രദേശങ്ങളിൽ താമസിക്കുന്ന ദരിദ്രരായ ആളുകൾക്കു നിരന്തരമായ ആപത്തുണ്ടാക്കിക്കൊണ്ടിരിക്കുകയാണു ഈ കടലാക്രമണം. അടുത്ത ഏതാനും മാസങ്ങൾക്കു മുൻപുതന്നെ കേരളത്തിന്റെ പല ഭാഗങ്ങളിലും കടലാക്രമണമുണ്ടായിട്ടുണ്ടു്. തിരുവനന്തപുരം ഡിസ്ട്രിക്ടിൽ പൂന്തുറ, കോവളം മുതലായ പ്രദേശങ്ങളിലും, ആലപ്പുഴ ഡിസ്ട്രിക്ടിൽ തോട്ടപ്പള്ളി, പുന്നപ്ര വടക്കു്, കോഴിക്കോടു്, ഇരിങ്ങൽ എന്നീ പ്രദേശങ്ങളിലും, കണ്ണൂർ ഡിസ്ട്രിക്ടിൽ തലായി, അഴീക്കൽ എന്നീ പ്രദേശങ്ങളിലും, എറണാകുളം ഡിസ്ട്രിക്ടിൽ ഫോർട്ടുകൊച്ചി, ചെല്ലാനം ഞാറയ്ക്കൽ മുതലായ സ്ഥലങ്ങളിലുമാണു ഈ അടുത്തകാലത്തു് വളരെ ശക്തിയായ കടലാക്രമണം ഉണ്ടായതു്. ഞാൻ ഇതിനുമുൻപു് സൂചിപ്പിച്ചതുപോലെ ഈ കടലാക്രമണങ്ങളുടെ ഫലമായി അനവധി തെങ്ങിൻതോപ്പുകളും ആയിരക്കണക്കിനു വീടുകളും നഷ്ടപ്പെട്ടിട്ടുണ്ടു്. ഈ തീരപ്രദേശങ്ങളിൽ താമസിക്കുന്നവരിൽ നല്ല ഒരു വിഭാഗം മത്സ്യത്തൊഴിലാളികളാണു്. അവരാകട്ടെ അവർ ചെയ്യുന്ന ജോലിക്കു് ശരിയായ വേതനം ലഭിക്കാത്തതിന്റെ ഫലമായും തൊഴിൽചെയ്യാനുള്ള സഹായമില്ലാത്തതിന്റെ ഫലമായും വളരെയധികം പ്രയാസമനുഭവിക്കുകയാണു്. അവരുടെ വീടുകളാണെങ്കിൽ സാധാരണയാളുകൾ താമസിക്കുന്നതുപോലെയുള്ള വീടല്ല. പലപ്പോഴും പല മെംബർമാരും അതായതു് ബഹുമാനപ്പെട്ട പറമ്പിത്തറ മാസ്റ്റരെപ്പോലെയുള്ള ആളുകൾ മത്സ്യത്തൊഴിലാളികളുടെ വീടുകളുടെ ചിത്രം ഇവിടെ വരച്ചുകാണിച്ചിട്ടുണ്ടു്. അത്തരത്തിലുള്ള ആയിരക്കണക്കിനു വീടുകൾ നഷ്ടപ്പെട്ടതിന്റെ ഫലമായി അവർക്കു് തൊഴിൽ ചെയ്യാനോ താമസിക്കാനോ യാതൊരു സാഹചര്യവുമില്ലാത്ത സ്ഥിതിയാണുള്ളതു്. ഈ ആക്രമണം ഇങ്ങനെ തുടർന്നുപോകുകയാണെങ്കിൽ നമുക്കു് പൊതുവായി മറെറാരു ആപത്തുകൂടി അനുഭവിക്കേണ്ടതായിവരും. ഏറെറവും ജനസാന്ദ്രത കൂടിയ പട്ടണങ്ങളിലും തീരപ്രദേശങ്ങളിലും താമസിക്കാൻ ഇടമില്ലാത്ത ഈ സാഹചര്യത്തിൽ ഉള്ള സ്ഥലം കടലെടുത്തുപോയാൽ തീർച്ചയായും അവർക്കു് മറു സ്ഥലം കൊടുക്കുന്നതിനു് സാധ്യമല്ലാതാകുകയും അതുമൂലം പലർക്കും വീടില്ലാതാകുകയുംചെയ്യും. അതുകൊണ്ടു് ഈ കടലാക്രമണത്തെ ഗൗരവതരമായ ഒരു കാര്യമായി പരിഗണിച്ചു് പ്രത്യേകിച്ചും അന്യരാജ്യങ്ങൾ നമ്മെ ആക്രമിക്കുമ്പോൾ നമ്മുടെ ഭൂമി സംരക്ഷിക്കുന്നതിനുവേണ്ടി

10 A. M.]

LIBRARY ARCHIVES Kerala Legislative Assembly